# സാമൂഹിക പ്രത്യാഘാത പഠനം

## കരമന - വെള്ളട റീച്ച് -3
## റോഡ് വികസനം

കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട വില്ലേജുകൾ,
കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകൾ, തിരുവനന്തപുരം

**4.549 ഹെക്ടർ**

**കരട് റിപ്പോർട്ട്**

റിക്വസിഷൻ അധികാരി
പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com

KERALA VHS
MULLANKUZHI
KOTTAYAM -2
COLLECTORATE P.O.

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി).പദ്ധതി നിർവ്വഹണ ഘട്ടം

(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

(ഡി).പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടു ങ്കിൽ അതിന്റെ വിവരങ്ങൾ

(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.6<u>സമീപനവും രീതി ശാസ്ത്രവും</u>

(എ). പശ്ചാത്തലം

(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി).പഠന സമീപനം

(ഡി).. നടപടികളും സമയക്രമങ്ങളും

(ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭി പ്രായങ്ങൾ

1.7. സാമൂഹിക പ്രത്യാഘാതം

1.8. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.9. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയി രുത്തൽ സൂചകങ്ങൾ

1.11. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ




KERALA VHSS MULLANKUZHI KOTTAYAM -2 COLLECTORATE P.O.

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3.. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS
MULLANKUZHI
KOTTAYAM-2
COLLECTORATE P.O

## അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഉപരിതല ഗതാഗതം ഒരു രാജ്യത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. ജല, റെയിൽ, വ്യോമയാന ഗതാഗതങ്ങൾക്ക് ഉള്ള പരിമിതികളെ രാജ്യം തരണം ചെയ്യുന്നത് പലപ്പോഴും ഉപരിതല ഗതാഗത രംഗത്ത് വികസനം ഉറപ്പ് വരുത്തിക്കൊണ്ടാണ്. നിർമ്മാണം, കൃഷി, വ്യവസായം സേവനം ഇങ്ങനെയുള്ള എല്ലാ മേഖലകളിലും, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പാദന ചിലവ് കുറയ്ക്കുന്നതിനും, ഉൽപ്പന്നങ്ങളുടെ വിതരണത്തിനും ഉപരിതല ഗതാഗതം അത്യാവശ്യമാണ്. വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ പെരുപ്പം, ഉപരിതല ഗതാഗതത്തിന്റെ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ഉപരിതല ഗതാഗത സംബന്ധിയായ പശ്ചാത്തല സൗകര്യങ്ങളുടെ വർദ്ധന പൊതുതാൽപ്പര്യ പ്രധാനവും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുമാണ്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഉപരിതല ഗതാഗത രംഗത്ത് പശ്ചാത്തല സൗകര്യം നടപ്പിലാക്കാൻ വലിയ തോതിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്നും രാജ്യത്തിലെ പല പ്രദേശങ്ങളും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വികസന മുരടിപ്പ് നേരിടുകയാണ്. ഉയർന്ന മുതൽമുടക്ക്, തുടർച്ചയായ പരിപാലനം എന്നിവ ആവശ്യമുള്ള ഉപരിതല ഗതാഗത രംഗം അതുകൊണ്ട് തന്നെ ഓരോ വർഷവും റോഡിൽ എത്തുന്ന വാഹനങ്ങളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ സാവധാനമാണ് വികസിക്കുന്നത്.

ഉപരിതല ഗതാഗത വികസനത്തിൽ പുതിയ റോഡുകൾ ഉണ്ടാകുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് നിലവിലുള്ള റോഡുകളുടെ വികസനം. ലോകബാങ്ക് പറയുന്നത് രണ്ടായിരത്തി അൻപത് ആകുമ്പോൾ ഭൂമിയെ ഏഴ് ചുറ്റ് വലം വയ്ക്കാൻ ആവശ്യമായ ദൂരത്തിൽ പുതിയ റോഡുകൾ ഉണ്ടാകുമെന്നാണ്. അതിൽ എഴുപത്തഞ്ച് ശതമാനവും, ഏഷ്യ ഭൂഖണ്ഡങ്ങളിലെ വികസ്വര രാജ്യങ്ങളിൽ ആയിരിക്കും എന്നും പഠനം പറയുന്നു. എന്നാൽ നിലവിലുള്ള റോഡുകളുടെ വികസനത്തിൽ ആവശ്യമായ പുരോഗതി കൈവരിക്കാൻ ഇന്നും സാധിച്ചിട്ടില്ല എന്ന് വിദഗ്ദർ ചൂണ്ടികാണിക്കുന്നു. കാരണം നിലവിലുള്ള റോഡുകളോട് അനുബന്ധമായി കാലങ്ങളായി ഒരു ജനവാസ മേഖല രൂപപ്പെട്ടിട്ടുണ്ട്. ഈ ജനവാസമേഖലയിൽ, നിലവിലുള്ള റോഡുകളുടെ വികസനം സൃഷ്ടിക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. താമസ ഭവനങ്ങളുടെ നഷ്ടം., വ്യാപാര സ്ഥാപനങ്ങളുടെ നഷ്ടം, വ്യവസായങ്ങളും, സ്ഥാപനങ്ങളും കേന്ദ്രീകൃതമായിരിക്കുന്ന ജംഗ്ഷനുകൾ ബാധിക്കപ്പെടുക, തുടങ്ങി വലിയ പ്രത്യാഘാതങ്ങൾ ലഘൂകരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പലപ്പോഴും ഭരണാധികാരികളും, സർക്കാരും നിലവിലുള്ള റോഡ് വികസനങ്ങളിൽ വലിയ താൽപ്പര്യം രേഖപ്പെടുത്താറില്ല. എന്നാൽ നിലവിലുള്ള റോഡുകളുടെ വികസനം, പുതിയ റോഡുകളുടെ നിർമ്മാണത്തേക്കാൾ പ്രധാനമായിത്തീരുന്നത് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്. ലോകത്ത് സംഭവിക്കുന്ന അകാല മരണങ്ങളുടെ പ്രധാനപ്പെട്ട അഞ്ച് കാരണങ്ങളിൽ ഒന്നായ റോഡപകടങ്ങൾ വലിയ തോതിൽ കുറയ്ക്കാൻ സാധിക്കും. പുതിയ റോഡിനു വേണ്ടി ഉണ്ടാവുന്ന പരിസ്ഥിതി നഷ്ടത്തിന്റെ പത്തിൽ ഒന്ന് മാത്രമാണ് നിലവിലുള്ള റോഡ് വികസനത്തിലൂടെ സംഭവിക്കുന്നത്.
അനാരോഗ്യകരമായ ജീവിത സാഹചര്യത്തിൽ നിന്നും മാറ്റം ഉണ്ടാവുമ്പോൾ വ്യക്തി - കുടുംബ ആരോഗ്യ രംഗത്ത് നല്ല പുരോഗതി ഉണ്ടാവുകയും, ആരോഗ്യ പ്രശ്നങ്ങൾക്ക് കുറവുണ്ടാവുകയും ചെയ്യും.



KERALA VHS ★ MULLANKUZHI KOTTAYAM -2 ★ COLLECTORATE P.O.

കുറഞ്ഞ തോതിലുള്ള ഭൂമിയുടെ ഏറ്റെടുക്കൽ മതിയാകുന്നതിലൂടെ ആ രംഗത്ത് കുറഞ്ഞ മുതൽമുടക്ക് മതിയാകും. കൂടാതെ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ, ഓവ് ചാലുകൾ എന്നിവ ആരോഗ്യകരമാവുന്നതോടെ സാക്രംമിക രോഗ സാധ്യത വലിയ അളവിൽ കുറയുന്നതാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് നിലവിലുള്ള റോഡുകളുടെ വികസനം വളരെ പ്രധാനപ്പെട്ട ഒരു വികസന പ്രക്രിയ ആണ് എന്നാണ്.

കരമന - വെള്ളറട റോഡ് തിരുവനന്തപുരം ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു സംസ്ഥാന പാതയാണ്. തിരുവനന്തപുരം പട്ടണത്തെ ജില്ലയുടെ മലയോര മേഖലയുമായി ബന്ധിപ്പിക്കുകയും, മലയോര ഉൽപ്പന്നങ്ങളും, കാർഷിക വിളകളും, പട്ടണത്തിൽ എത്തിക്കുകയും, തീരപ്രദേശത്ത് നിന്ന് മത്സ്യവും, മത്സ്യ ഉൽപ്പന്നങ്ങളും, മലയോര മേഖലയിൽ എത്തിക്കുകയും ചെയ്യുന്ന പ്രധാന പാതയാണ് കരമന - വെള്ളറട റോഡ്. പാലോട് സ്ഥിതിചെയ്യുന്ന ബൊട്ടാണിക്കൽ ഗാർഡൻ, ഓയിൽ പാം റിസർച്ച് സെന്റർ എന്നിവയിലേക്കുള്ള പാത എന്ന നിലയിലും ഈ റോഡിന് വലിയ പ്രാധാന്യം ഉണ്ട്. തമിഴ്നാട്ടിൽ നിന്നും ദേശീയപാത 66 ന് സമാന്തരമായി പുതുതായി വികസിപ്പിക്കുന്ന വിഴിഞ്ഞം തുറമുഖത്തേക്ക് എത്തപ്പെടാം എന്നുള്ളതും പദ്ധതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു, 35.5 കിലോമീറ്റർ വരുന്ന കരമന - വെള്ളറട റോഡ് രണ്ട് ഘട്ടമായി വികസിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യം ഇട്ടത് എങ്കിലും പിന്നീട് മൂന്ന് ഘട്ടമായി തിരിച്ച് വികസന രൂപ രേഖ തയ്യാറാക്കുകയായിരുന്നു. മൂന്നാം ഘട്ടമായി വിഭാവനം ചെയ്തിരിക്കുന്നത് കാട്ടാക്കട മുതൽ വെള്ളറട വരെയുള്ള പതിനാറ് കിലോമീറ്റർ ആണ്. ഏറ്റെടുക്കുന്ന ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കാട്ടാക്കട, പാറശാല അസംബ്ലി നിയോജക മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന മൂന്നാം ഘട്ടത്തിൽ കാട്ടാക്കട, ഒറ്റശേഖര മംഗലം, വെള്ളറട ജംഗ്ഷനുകളും, കുണ്ടമൻ കടവുപാലവും ഉൾപ്പെടുന്നു.

ഒന്നര ദശകമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കരമന - വെള്ളറട റോഡ് വികസനത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് രണ്ടായിരത്തി പന്ത്രണ്ടിൽ രൂപപ്പെടുത്തിയെങ്കിലും പദ്ധതിക്ക് ശരിയായ ദിശാബോധം ലഭിച്ചത് രണ്ടായിരത്തി പതിനേഴിൽ പൊതുമരാമത്ത് വകുപ്പ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി റോഡ് ഇൻഫ്രാ സ്ട്രക്ച്ചർ കമ്പനി, കേരളാ (റിക്ക്) യെ ഏൽപ്പിച്ചപ്പോഴാണ്. തുടർന്ന് ആദ്യ ഘട്ടവുമായി 21.44 കോടി രൂപ അനുവദിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയുടെ മലയോര പ്രദേശങ്ങളുടെ വികസനത്തിന് മാത്രമല്ല, പാർപ്പിട പ്രശ്നം കൊണ്ട് വീർപ്പുമുട്ടുള്ള സംസ്ഥാന തലസ്ഥാനത്തിന്, കാട്ടാക്കട, ഒറ്റശേഖരമംഗലം, പാലോട് പ്രദേശങ്ങളിൽ ഉപഗ്രഹ നഗരങ്ങൾ വികസിപ്പിക്കുന്നതിനും, തിരുവനന്തപുരത്തേക്ക് കാർഷിക വിഭവങ്ങൾ വലിയ തോതിൽ എത്തിക്കുന്നതിനും സഹായകരമാവുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ നാലിൽ ഒന്ന് വരുന്ന പ്രദേശത്തുള്ള കുടുംബങ്ങൾക്ക് ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കും പ്രധാനപ്പെട്ട സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം പട്ടണത്തെ ആശ്രയിക്കുന്നതിനും പദ്ധതി സഹായകരമാണ്. കൂടാതെ സംസ്ഥാന ഗതാഗത വകുപ്പിന്റെ കണക്ക് അനുസരിച്ച് ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ജില്ലയിലെ മൂന്നാമത്തെ റോഡാണ് കരമന - വെള്ളറട. ജില്ലയിലെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വെള്ളറട പ്രദേശത്തിന്റെ വലിയ വികസനത്തിനും മലയോര മേഖലയിലുള്ള ആദിവാസി വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കും പുതുതായി വികസിക്കുന്ന വിഴിഞ്ഞം തുറമുഖത്തേക്ക് തമിഴ്നാട്ടിൽ നിന്നും വാഹനങ്ങൾ എത്തുന്നതിന് ദേശീയ പാതയ്ക്ക് സമാന്തരപാതയായും പദ്ധതിയുടെ നേട്ടങ്ങൾ ചൂണ്ടികാണിക്കുന്നു.



KERALA VHS
MULLANKUZHI
KOTTAYAM-2
COLLECTORATE P.O.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള നിയമം 2013 അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ചട്ടം 4(1) നോട്ടിഫിക്കേഷൻ പ്രകാരം പദ്ധതിയുടെ മൂന്നാം ഘട്ടമായ കാട്ടാക്കട - വെള്ളറട റോഡ് സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കുന്നത്. രണ്ടായിരത്തി ഇരുപത് ജൂൺ മാസം ആരംഭിച്ച പഠനം കോവിഡ് മഹാമാരി മൂലം ഉണ്ടായ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും മൂലം നീണ്ടു പോവുകയായിരുന്നു. എന്നാൽ രണ്ടായിരത്തി ഇരുപത് ഒക്ടോബർ, നവംബർ മാസം കോവിഡ് നിബന്ധനകൾ പാലിച്ച് പഠനത്തിന്റെ ഭാഗമായ സാമൂഹ്യ - സാമ്പത്തിക സർവ്വേ പൂർത്തിയാക്കുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ആയിരുന്നു.

### 1.2. പദ്ധതി പ്രദേശം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽ പെടുന്ന കാട്ടാക്കട, ആര്യൻകാവ്, ഒറ്റശേഖരമംഗലം, വെള്ളറട പഞ്ചായത്തുകളിൽ പെടുന്നതും കരമന - വെള്ളറട റോഡിന്റെ രണ്ട് വശങ്ങളിലായി സ്ഥിതി ചെയ്യുന്നതും താമസം, വ്യാപാരം, കൃഷി, മറ്റാവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിച്ചുവരുന്നതുമായ 4.549. ഹെക്ടർ ഭൂമിയാണ് പദ്ധതി പ്രദേശം. വളരെ ജനനിബിഡമായ പദ്ധതി പ്രദേശം വളരെ വാണിജ്യ - വ്യവസായ പ്രാധാന്യമുള്ള സ്ഥലമാണ്. കാട്ടാക്കട, ഒറ്റശേഖരമംഗലം, വെള്ളറട ജംഗ്ഷനുകളും, മറ്റ് പതിനൊന്ന് ചെറിയ ജംഗ്ഷനുകളും, കുണ്ടമൻ കടവ് പാലവും, രണ്ട് ചെറിയ പാലങ്ങളും, പതിമൂന്ന് കലിങ്കുകളും പദ്ധതി പ്രദേശത്ത് ഉണ്ട്. ഉദ്ദേശം രണ്ടായിരത്തി അറുനൂറ് കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള പദ്ധതി പ്രദേശം നഗര-ഗ്രാമ സവിശേഷതകൾ കൂടിച്ചേരുന്ന സ്വഭാവത്തോടെ ഉള്ളതാണ്. തിരുവനന്തപുരം ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു സംസ്ഥാന പാതയുടെ ഇരുവശങ്ങളും എന്ന നിലയിൽ പദ്ധതി പ്രദേശം വാണിജ്യ പ്രാധാന്യമുള്ള സ്ഥലമാണ്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

**(എ). ഭൂമി ഏറ്റെടുക്കൽ അധികാരി**

ജില്ലാ കളക്ടർ, തിരുവനന്തപുരത്തിന് വേണ്ടി, ഡപ്യൂട്ടി കളക്ടർ, ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ തഹസിൽദാർ, ഭൂമി ഏറ്റെടുക്കൽ, തിരുവനന്തപുരം ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിയന്ത്രിക്കുന്നത്.

**(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ**

ആയിരത്തി എണ്ണൂറ്റി പതിനേഴ് ഭൂഉടമസ്ഥരും അറുനൂറ്റി അറുപത്തി മൂന്ന് ഭൂഉടമസ്ഥരല്ലാത്ത പദ്ധതി ബാധിതരും ഇരുപത്തിയാറ് സാംസ്കാരിക വസ്തുക്കളും പത്തൊമ്പത് സർക്കാർ വക സ്ഥാപനങ്ങളും, സ്ഥലങ്ങളും, മുപ്പത് പൊതു ഉപയോഗ വസ്തുക്കളും പദ്ധതി ബാധിതം എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 915 പേർക്ക് സ്ഥലം മാത്രം നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതിൽ 58 വീടുകൾ പൂർണ്ണമായും 45 വീടുകൾ ഭാഗികമായും പദ്ധതി ബാധിതം എന്ന് കണ്ടെത്തിയിട്ടുണ്ട്. പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക വിവരങ്ങൾ സൂചിപ്പിക്കുന്നത് 60 ഭൂഉടമസ്ഥരും 60 വയസ്സ് പ്രായമുള്ളവരാണ് എന്നാണ്. എന്നാൽ 3% പേർ 20-30 വയസ്സ് പ്രായമുള്ളവരും 3%



KERALA VHS MULLANKUZHI KOTTAYAM -2 COLLECTORATE P.O.

പേർ 70 വയസ്സിന് മുകളിൽ പ്രായമുള്ളവരും ആണ്. 81% ഭൂഉടമസ്ഥരും പുരുഷന്മാരും 16% പേർ സ്ത്രീകളും ആണ്. ശേഷിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സാംസ്കാരിക സംഘടനകൾ ഗവൺമെന്റ് എന്നിവയ്ക്കാണ്. 50% ഭൂഉടമസ്ഥരുടെയും കുടുംബങ്ങൾ 3-4 അംഗങ്ങളുള്ളതാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, കേവലം 10% മാത്രം പത്താംതരത്തിൽ താഴെ വിദ്യാഭ്യാസം ഉള്ളവരും ആണ് എന്നാണ്. 16% പേർ ബിരുദമോ അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരാണ്. മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിതരണം സൂചിപ്പിക്കുന്നത് 76% പേർ ഹിന്ദുക്കളും 19% പേർ ക്രിസ്ത്യാനികളും, 2% പേർ മുസ്ലീംങ്ങളുമാണ്. സാമ്പത്തിക വിവര ശേഖരം സൂചിപ്പിക്കുന്നത് 89% പേരും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉള്ളവർ ആണ് എന്നാണ്. ജോലിയുടെ വിതരണം സൂചിപ്പിക്കുന്നത് 26% വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നവരും 19% പേർ കൃഷിക്കാരും ആണ് എന്നാണ്. 28% സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും 23% മറ്റ് ജോലികളിൽ ഏർപ്പെടുന്നവരുമാണ്.

663 ഭൂഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരിൽ ഏറിയ പങ്കും വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നവരോ, ജീവനക്കാരോ ആണ്. പ്രായത്തിന്റെ വിതരണം സൂചിപ്പിക്കുന്നത് 68% പേരും 40-60 ഇടയിൽ പ്രായമുള്ളവരുമാണ് എന്നാണ്. 18% പേർ 20-40 പ്രായത്തിലുള്ളവരും 12% 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, 6%പേർ 10-ാം തരത്തിന് താഴെ വിദ്യാഭ്യാസം ഉള്ളവരുമാണ്. 19%പേർ ബിരുദമോ അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരുമാണ്. മതത്തിന്റെ വിതരണം സൂചിപ്പിക്കുന്നത് 63% ഹിന്ദുക്കളും 19% ക്രിസ്ത്യാനികളും 17% മുസ്ലീംങ്ങളും ആണ് എന്നാണ്. വ്യാപാര സ്ഥാപനങ്ങളുടെ മാസവരുമാനം സൂചിപ്പിക്കുന്നത് 66% സ്ഥാപനങ്ങളും 20,000-30,000 വരെ മാസവരുമാനം ഉള്ളവരാണ് എന്നാണ്.

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽ പെടുന്ന കാട്ടാക്കട, ആര്യങ്കാവ്, ഒറ്റശേഖരമംഗലം, വെള്ളറട പഞ്ചായത്തുകളിൽ പെടുന്നതും കരമന - വെള്ളറട റോഡിന്റെ രണ്ട് വശങ്ങളിലായി സ്ഥിതി ചെയ്യുന്നതും താമസം, വ്യാപാരം, കൃഷി, മറ്റാവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിച്ചുവരുന്നതുമായ 4.549. ഹെക്ടർ ഭൂമിയാണ് പദ്ധതി പ്രദേശം. വളരെ ജനനിബിഡമായ പദ്ധതി പ്രദേശം വളരെ വാണിജ്യ - വ്യവസായ പ്രാധാന്യമുള്ള സ്ഥലമാണ്. കാട്ടാക്കട, ഒറ്റശേഖരമംഗലം, വെള്ളറട ജംഗ്ഷനുകളും, മറ്റ് പതിനൊന്ന് ചെറിയ ജംഗ്ഷനുകളും, കുണ്ടമൻ കടവ് പാലവും, രണ്ട് ചെറിയ പാലങ്ങളും, പതിമൂന്ന് കലിങ്കുകളും പദ്ധതി പ്രദേശത്ത് ഉണ്ട്. ഉദ്ദേശം രണ്ടായിരത്തി അറുനൂറ് കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള പദ്ധതി പ്രദേശം നഗര-ഗ്രാമ സവിശേഷതകൾ കൂടിച്ചേരുന്ന സ്വഭാവത്തോടെ ഉള്ളതാണ്. തിരുവനന്തപുരം ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു സംസ്ഥാന പാതയുടെ ഇരുവശങ്ങളും എന്ന നിലയിൽ പദ്ധതി പ്രദേശം വാണിജ്യ പ്രാധാന്യമുള്ള സ്ഥലമാണ്.

**(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**

പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക വിവരങ്ങൾ സൂചിപ്പിക്കുന്നത് 60 ഭൂഉടമസ്ഥരും 60 വയസ്സ് പ്രായമുള്ളവരാണ് എന്നാണ്. എന്നാൽ 3% പേർ 20-30 വയസ്സ് പ്രായമുള്ളവരും 3% പേർ 70 വയസ്സിന് മുകളിൽ പ്രായമുള്ളവരും ആണ്. 81% ഭൂഉടമസ്ഥരും പുരുഷന്മാരും 16%



KERALA VHS
MULLANKUZHI
KOTTAYAM-2
COLLECTORATE P.O.

പേർ സ്ത്രീകളും ആണ്. ശേഷിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സാംസ്കാരിക സംഘടനകൾ ഗവൺമെന്റ് എന്നിവയ്ക്കാണ്. 50% ഭൂഉടമസ്ഥരുടെയും കുടുംബങ്ങൾ 3-4 അംഗങ്ങളുള്ളതാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, കേവലം 10% മാത്രം പത്താംതരത്തിൽ താഴെ വിദ്യാഭ്യാസം ഉള്ളവരും ആണ് എന്നാണ്. 16% പേർ ബിരുദമോ അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരാണ്. മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിതരണം സൂചിപ്പിക്കുന്നത് 76% പേർ ഹിന്ദുക്കളും 19% പേർ ക്രിസ്ത്യാനികളും, 2% പേർ മുസ്ലീംങ്ങളുമാണ്. സാമ്പത്തിക വിവര ശേഖരം സൂചിപ്പിക്കുന്നത് 89% പേരും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉള്ളവർ ആണ് എന്നാണ്. ജോലിയുടെ വിതരണം സൂചിപ്പിക്കുന്നത് 26% വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നവരും 19% പേർ കൃഷിക്കാരും ആണ് എന്നാണ്. 28% സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും 23% മറ്റ് ജോലികളിൽ ഏർപ്പെടുന്നവരുമാണ്.

663 ഭൂഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരിൽ ഏറിയ പങ്കും വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നവരോ, ജീവനക്കാരോ ആണ്. പ്രായത്തിന്റെ വിതരണം സൂചിപ്പിക്കുന്നത് 68% പേരും 40-60 ഇടയിൽ പ്രായമുള്ളവരുമാണ് എന്നാണ്. 18% പേർ 20-40 പ്രായത്തിലുള്ളവരും 12% 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, 6%പേർ 10-ാം തരത്തിന് താഴെ വിദ്യാഭ്യാസം ഉള്ളവരുമാണ്. 19%പേർ ബിരുദമോ അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരുമാണ്. മതത്തിന്റെ വിതരണം സൂചിപ്പിക്കുന്നത് 63% ഹിന്ദുക്കളും 19% ക്രിസ്ത്യാനികളും 17% മുസ്ലീംങ്ങളും ആണ് എന്നാണ്. വ്യാപാര സ്ഥാപനങ്ങളുടെ മാസവരുമാനം സൂചിപ്പിക്കുന്നത് 66% സ്ഥാപനങ്ങളും 20,000-30,000 വരെ മാസവരുമാനം ഉള്ളവരാണ് എന്നാണ്.

## 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

### (എ). നടപ്പാക്കൽ ഏജൻസി

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജഭരണ കാലത്ത് റോഡുകളുടെ വികസനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു.

ഇന്ന് അഞ്ച് ചീഫ് എൻഞ്ചിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എൻജിനീയറന്മാരും, 76 എക്സിക്യുട്ടീവ് എൻഞ്ചിനീയറന്മാരും 639 അസിസ്റ്റന്റ് എൻഞ്ചിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃംഖലയാണ്. കരമന - വെള്ളറട റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് റോഡ് വിഭാഗത്തെയാണ്.

### (ബി).പദ്ധതി നിർവ്വഹണ ഘട്ടം

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധമായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

**(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ**

കരമന - വെള്ളറട റോഡ് രണ്ട് ഘട്ടമായി നടപ്പാക്കാൻ ഗവൺമെന്റ് ഭരണാനുമതി നൽകി എങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ മൂന്ന് ഘട്ടമായി പൂർത്തിയാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കാട്ടാക്കട മുതൽ വെള്ളറട വരെയുള്ള മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കലിന്റെ 4.1 വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. വിജ്ഞാപനം വന്നശേഷം കോവിഡ്- 19 മഹാമാരിമൂലം ഉണ്ടായ നിയന്ത്രണങ്ങൾ മൂലം സാമൂഹ്യ സർവ്വേ നടത്തുന്നതിന് സാധിക്കാതെ വരുകയും, ഇക്കഴിഞ്ഞ ഒക്ടോബർ മാസം നിയന്ത്രണങ്ങളിൽ ഇളവ് വന്നപ്പോൾ, സാമൂഹ്യ സർവ്വേ പൂർത്തീകരിക്കുകയും ആയിരുന്നു.

കരമന - വെള്ളറട റോഡ് സാങ്കേതിക മികവോടെ, വികസിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയിൽ അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് രണ്ടായിരത്തി പന്ത്രണ്ടിൽ രൂപപ്പെടുത്തിയെങ്കിലും പദ്ധതിക്ക് ശരിയായ ദിശാബോധം ലഭിച്ചത് രണ്ടായിരത്തി പതിനേഴിൽ പൊതുമരാമത്ത് വകുപ്പ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി റോഡ് ഇൻഫ്രാ സ്ട്രക്ച്ചർ കമ്പനി, കേരളാ (റിക്ക്)യെ ഏൽപ്പിച്ചപ്പോഴാണ്. തുടർന്ന് ആദ്യ ഘട്ടവുമായി 21.44 കോടി രൂപ അനുവദിക്കുകയും ചെയ്തു.

**(ഡി).പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

പദ്ധതി നടപ്പാക്കുമ്പോൾ വികസിപ്പിക്കേണ്ട പാലങ്ങളും, കലുങ്കുകളും ഉണ്ട്. ഇപ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ റോഡ് ഗതാഗതം തടസ്സപ്പെടുത്താൻ സാധ്യതയുണ്ട്. പല സമാന്തര പാതകളും, അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

കൂടാതെ പദ്ധതി നടപ്പാക്കൽ സമയത്ത് ഉണ്ടാകാൻ സാധ്യയുള്ള പൊടി, ശബ്ദ മലിനീകരണം എന്നിവ മുൻകൂട്ടി കണ്ട്, ലഘൂകരണ നടപടികൾ സ്വീകരിക്കുന്നത്, പദ്ധതിയുടെ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കും.

**(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**

ബാധകമല്ല

**(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ**

ബാധകമല്ല



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏററ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുന സ്ഥാപനവും |

### 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേ ശങ്ങൾ

മൂന്ന് ഘട്ടമായി നടപ്പാക്കുന്ന കരമന - വെള്ളറട റോഡ് വികസനത്തിന്റെ മൂന്നാം ഘട്ടമായ കാട്ടാക്കട- വെള്ളറട റോഡ് വികസനമാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കി യിരിക്കുന്നത്. ആയത്കൊണ്ട് തന്നെ പദ്ധതി സംബന്ധമായ ബദൽ നിർദ്ദേശങ്ങൾക്ക് പ്രസക്തി ഇല്ല. എന്നാൽ പല ജംഗ്ഷനുകളുടെയും വികസനത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നുണ്ട്. കൂടാതെ പുതിയ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഒറ്റശേഖരമംഗലത്ത് റോഡ് ഇപ്പോഴുള്ള റോഡിൽ നിന്നും മാറിയാണ് വികസിപ്പിക്കപ്പെടുന്നത്. ഈ സ്ഥലങ്ങളിൽ ഇപ്പോഴുള്ള റോഡിന്റെ വികസനം എന്നതിൽ പദ്ധതി പരിമിതപ്പെടുത്തണം എന്ന ആവശ്യം പ്രദേശവാസി കൾ ചൂണ്ടികാട്ടുക ഉണ്ടായി.

### 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

കേരള ഗസറ്റ് തീയതി മെയ് 4, 2020 നം.1116, വിജ്ഞാപനം ജി.പി. നം. 35/2020, തീയതി 03 മെയ് 2020 പ്രകാരം, കേരള സർക്കാർ സാജു. വി. ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ, കേരള വി.എച്ച്. എസി നേയും അദ്ദേഹത്തിന്റെ ടീമിനെയും കരമന- വെള്ളറട റീച്ച്-3 നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസി ദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപ പ്പെടുത്തി.



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുന സ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണ ത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദൻ<br>സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരി ചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദ,<br>സാമൂഹിക വിവര ശേഖരണം | 16 വർഷത്തെ പ്രവർത്തന പരി ചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈ സർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരി ചയം |

(സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാ ക്കിയ ചോദ്യാവലി ഉപയോഗിച്ച് എല്ലാ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂ ഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപ്പര്യമുള്ളവരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രാ



KERALA VHS * COLLECTORATE P.O. * MULLANKUZHI KOTTAYAM -2

യങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥരെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

### (ഡി). നടപടികളും സമയക്രമങ്ങളും

04/05/2020 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ ഗസറ്റ് വിജ്ഞാപനം
25/09/20- 25/11/2020 - സാമൂഹിക സർവ്വേ
29/12/2020 - കരട് റിപ്പോർട്ട്

### (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.
2. പദ്ധതി സംബന്ധമായ ബദൽ നിർദ്ദേശങ്ങൾ പരിഗണിക്കണം
3 ബാധിക്കപ്പെടുന്ന കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കപ്പെടണം.
4. ഭൂമിയുടെ സ്വഭാവവും സ്ഥാനവും കണക്കാക്കി നഷ്ടപരിഹാരം നിർണ്ണയിക്കണം
5. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.
6, പല പദ്ധതി ബാധിതരുടെയും പ്രവേശനമാർഗ്ഗങ്ങൾ പദ്ധതി മൂലം തടസ്സപ്പെടുന്നുണ്ട്. ആയത് പുനസ്ഥാപിക്കപ്പെടണം.
7. പദ്ധതി മൂലം രൂപപ്പെടുന്ന തുണ്ടു ഭൂമികളും ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.
8. പദ്ധതിയുടെ രൂപരേഖയും സാങ്കേതിക വശങ്ങളും എത്രയും വേഗം പദ്ധതി ബാധിതർക്ക് ലഭ്യമാക്കണം.

### 1.7. സാമൂഹിക പ്രത്യാഘാതം

തിരുവനന്തപുരം ജില്ലയിലെ സംസ്ഥാന തലസ്ഥാന പട്ടണത്തിൽ നിന്നും ആരംഭിക്കുന്ന പ്രധാന സംസ്ഥാന പാതകളിൽ ഒന്നായ കരമന - വെള്ളറട റോഡിന്റെ വികസനം റോഡിന്റെ പാർശങ്ങളിലുള്ള താമസ്സ ഭവനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയെ പൂർണ്ണമായോ, ഭാഗികമായോ ബാധിക്കും എന്നത് നിസ്സംശയമാണ്. ഇതുതന്നെയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. ഇപ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ, വ്യാപാരികളുടെ പുനരധിവാസം ഉറപ്പുവരുത്തുക എന്നുള്ളതാണ് പ്രത്യാഘാത ലഘുകരണ മാർഗ്ഗം. സാമൂഹ്യ പ്രത്യാഘാത പഠനം ചൂണ്ടിക്കാട്ടുന്നത് 1817 ഭൂ ഉടമസ്ഥരെ പദ്ധതി ബാധിക്കും എന്നാണ്. അതായത് 1817 കുടുംബങ്ങളിലെ 6323 ആളുകൾ പദ്ധതി ബാധിതരായി കണക്കാക്കുന്നു. കൂടാതെ 663 ഭൂഉടമസ്ഥരല്ലാത്ത പദ്ധതി ബാധിതരും ഉണ്ട്.



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

58 വീടുകൾ പൂർണ്ണമായും 45 വീടുകൾ ഭാഗികമായും പദ്ധതി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടാതെ താമസ സ്ഥലത്തോട് ചേർന്നുള്ള 297 ചമയങ്ങളും 22 പ്രവേശന മാർഗ്ഗങ്ങളും 7 പാർക്കിംഗ് സൗകര്യങ്ങളും പദ്ധതി ബാധിതമായി കണക്കാക്കുന്നു. 502 വ്യാപാര സ്ഥപനങ്ങൾ പൂർണ്ണമായോ ഭാഗികമായോ പദ്ധതി ബാധിതമാണ്. 306 വ്യാപാര സ്ഥാപനങ്ങൾ പൂർണ്ണമായും നഷ്ടപ്പെടുന്നതും ശേഷിക്കുന്നത് ഭാഗികമായി ബാധിക്കപ്പെടുന്നതാണ്. മേൽപ്പറഞ്ഞ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത് 394 തൊഴിലാളികൾക്ക് പൂർണ്ണ തൊഴിൽ നഷ്ടവും 174 പേർക്ക് ഭാഗിക തൊഴിൽ നഷ്ടവും കണക്കാക്കപ്പെടുന്നു. കൂടാതെ 502 വ്യാപാര സ്ഥാപനങ്ങൾക്ക് വ്യാപര നഷ്ടവും പദ്ധതി മൂലം ഉണ്ടാവുന്നു. അതായത് 1817 ഭൂ ഉടമസ്ഥരും 663 ഭൂ ഉടമസ്ഥരല്ലാത്ത ആളുകളും പദ്ധതി ബാധിതരായി കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ പദ്ധതി നിർവ്വഹണം സംബന്ധമായ കാല താമസം മൂലം പദ്ധതി ബാധിതർ ആരും തന്നെ തങ്ങളുടെ പുനരധിവാസ - പുനർവ്യാസ രൂപരേഖ രൂപപ്പെടുത്തുകയോ ആയതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ പുനർവാസം - പുനരധിവാസ രൂപരേഖ തയ്യാർ ചെയ്യുമ്പോൾ തൽസ്ഥിതി കണക്കാക്കി, പദ്ധതി ബാധിതരുടെ പുനരധിവാസം - പുനർവ്യാസ രൂപ രേഖയ്ക്ക് അനുസൃതമായി നഷ്ട പരിഹാര നിർണ്ണയം നടത്തേണ്ടതുണ്ട്.

കൂടാതെ 19 സർക്കാർ സ്ഥാപനങ്ങളും, 26 -സാസംസ്കാരിക വസ്തുക്കളും, 30 പൊതു ഉപയോഗ സംവിധാനങ്ങളും പദ്ധതി ബാധിതമാണ്. കരമന - വെള്ളറട റോഡിന്റെ വികസനം കഴിഞ്ഞ ഒരു ദശകമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയം ആയതിനാലും പദ്ധതി സംബന്ധമായ അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ട് രണ്ടു കൊല്ലം കഴിഞ്ഞതിനാലും, പദ്ധതിയുടെ പ്രത്യാഘാതം സംബന്ധമായി പദ്ധതി ബാധിതർക്ക് ഒരു അവബോധം രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധമായ അനിശ്ചിതത്വം മുന്നൊരുക്കങ്ങളെ ബാധിച്ചിട്ടുണ്ട്. എങ്കിലും പ്രത്യാഘാതം സംബന്ധമായ മാനസ്സിക തയ്യാറെടുപ്പുകൾ രൂപപ്പെടുത്താൻ പദ്ധതി ബാധിതർക്ക് സാധിച്ചിട്ടുണ്ട്.

### 1.8. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉ ാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2. | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം, പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 3. | ഭൂമിയുടെ നഷ്ടം | നഷ്ടപരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 5. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ടപരി ഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക. |
| 6. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരി ഹാരം | നഷ്ട പരിഹാരം നൽകുക<br>ഓരോ പദ്ധതി ബാധിതരെയും പ്രത്യേ കമായി പരിഗണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക. |
| 7. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 8. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 9. | വ്യാപാര നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുകയും പുനര ധിവാസ പുനർവാസ രൂപരേഖ തയ്യാ റാക്കുകയും ചെയ്യുക |
| 10. | ജീവിതോപാധികളുടെ നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുകയും പുനര ധിവാസ പുനർവാസ രൂപരേഖ തയ്യാ റാക്കുകയും ചെയ്യുക |
| 11. | ജലസ്രോതസ്സുകളുടെ നഷ്ടം | നിയന്ത്രണം ഒഴിവാക്കുക | സാധ്യമാകുവോളം സംരക്ഷിക്കുക |
| 12 | പൊതുജലസേചന സ്രോത സ്സുകളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാ ണം | സ്രോതസ്സുകൾ പുനർനിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക. |
| 13. | പാർക്കിംഗ് ഏരിയയുടെ നഷ്ടം | നഷ്ട പരി ഹാരം നിയന്ത്രണം | നഷ്ട പരിഹാരം നൽകുക. |
| 14 | ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 15 | ഇടറോഡിലേക്കുള്ള പ്രവേശ നമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |



KERALA VHSS COLLECTORATE P.O. MULLANKUZHI KOTTAYAM-2

| | | | |
|---|---|---|---|
| 16 | റോഡുമായി ഭവനത്തിനുള്ള അകലം കുറയുക | സുരക്ഷിത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 17 | സാമുദായിക സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | നിയന്ത്രണം / പുനസ്ഥാപനം/ നഷ്ട പരിഹാരം | സംരക്ഷിക്കുകയോ, പുനസ്ഥാപിക്കുകയോ നഷ്ട പരിഹാരം നൽകുകയോ ചെയ്യുക |
| 18 | പൊതു വസ്തുക്കളുടെ നഷ്ടം | നിയന്ത്രണം / പുനസ്ഥാപനം | പുനസ്ഥാപിക്കുക |
| 19 | സ്കൂളുകളുടെ നഷ്ടം | നിയന്ത്രണം / പുനസ്ഥാപനം/ നഷ്ട പരിഹാരം | സംരക്ഷിക്കുകയോ, പുനസ്ഥാപിക്കുകയോ നഷ്ട പരിഹാരം നൽകുകയോ ചെയ്യുക |
| 20 | പൊതു ജലസേചന പൈപ്പുകളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 21 | മതസ്ഥാപനങ്ങളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം, നഷ്ട പരിഹാരം |
| 22 | ശ്മശാന ഭൂമിയുടെ നഷ്ടം | സംരക്ഷിക്കുക/ പുനസ്ഥാപിക്കുക | സംരക്ഷിക്കുക/ പുനസ്ഥാപിക്കുക |
| 23 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 24 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 25 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |
| 26 | വാടക വീടുകളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 27 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |



KERALA VHS * MULLANKUZHI KUTTAYAM -2 COLLECTORATE. P.O. *

| | | | |
|---|---|---|---|
| 28 | ഉപയോഗശൂന്യമായ തു ഠുഭൂമികളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തു ഠുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 29 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |

1.9. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉ ാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യത ാ നില വാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2 | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ |



KERALA VHS MULLANKUZHI KOTTAYAM -2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഇളവ് നൽകു ക. |
| 3 | ഭൂമിയുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 4 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 5 | കെട്ടിടങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | നഷ്ട പരി ഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകു ക. |
| 6 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | നഷ്ട പരി ഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകു ക. |
| 7 | ചമയങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | കുറഞ്ഞത ം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 8 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | കുറഞ്ഞത ം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 9 | വ്യാപാര നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം |



KERALA VHS MULLANKUZHI KOTTAYAM COLLECTORATE

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | ജീവിതോപാധികളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക |
| 11 | ജലസ്രോതസ്സുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | മധ്യമം | സാധ്യമാകുവോളം സംരക്ഷിക്കുക |
| 12 | പൊതുജലസേചന സ്രോതസ്സുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | മധ്യമം | സ്രോതസ്സുകൾ പുനർനിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക. |
| 13 | പാർക്കിംഗ് ഏരിയയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | നഷ്ട പരിഹാരം നൽകുക |
| 14 | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 15 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 16 | റോഡുമായി ഭവനത്തിനുള്ള അകലം കുറ | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം |



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | യുക | | | | | | ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 17 | സാമുദായിക സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | സംരക്ഷിക്കുകയോ, പുനസ്ഥാപിക്കുകയോ നഷ്ട പരിഹാരം നൽകുകയോ ചെയ്യുക |
| 18 | പൊതു വസ്തുക്കളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | പുനസ്ഥാപിക്കുക |
| 19 | സ്കൂളുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | സംരക്ഷിക്കുകയോ, പുനസ്ഥാപിക്കുകയോ നഷ്ട പരിഹാരം നൽകുകയോ ചെയ്യുക |
| 20 | പൊതു ജലസേചന പൈപ്പുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | പുനസ്ഥാപനം |
| 21 | മതസ്ഥാപനങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | പുനസ്ഥാപനം, നഷ്ട പരിഹാരം |
| 22 | ശ്മശാന ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | വളരെ ഉയർന്ന | മധ്യമം | സംരക്ഷിക്കുക/ പുനസ്ഥാപിക്കുക |
| 23 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, |



KERALA VHS MULLANKUZHI KOTTAYAM-2 COLLECTORATE P.O

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സ്വകാര്യ ഭൂമി യിലോ നട്ടു വളർത്താൻ നട പടി സ്വീകരിക്കു ക. |
| 24 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങ ളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തു ക. |
| 25 | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | മിത മായ | മധ്യമം | കുറഞ്ഞ ത് | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചാ യത്ത് തല ത്തിലും പ്രവർത്തിക്കുക. |
| 26 | വാടക വീടുക ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 27 | കൃഷിഭൂമിയുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുക |
| 28. | ഉപയോഗശൂന്യ മായ തു ുഭൂ മികളുടെ രൂപ പ്പെടൽ | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | ഉപയോഗശൂന്യ മായ തു ുഭൂ മികൾ നഷ്ടപ രിഹാരം നൽകി ഏറ്റെടു ക്കുക. |
| 29. | നാണ്യ വിളക ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുക |

KERALA VHS
MULLANKUZHI
KOTTAYAM-2
COLLECTORATE

**1.10. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തര വാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| പൊതുമരാമത്ത് വകുപ്പ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.11- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.12. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

അമ്പത്തി എട്ട് വീടുകൾ പൂർണ്ണമായും, 45 വീടുകൾ ഭാഗികമായും ബാധിക്കപ്പെടുന്നു എന്നുള്ളതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം 'വളരെ ഉയർന്നത്" എന്ന ഗണത്തിൽ പെടുത്താവുന്നതാണ്. കൂടാതെ 1817 ഭൂഉടമസ്ഥരെയും 663 ഭൂഉടമസ്ഥരല്ലാത്തവരേയും 19 സർക്കാർ ഭൂമി, 26 സാംസ്കാരിക വസ്തുക്കളും സ്ഥാപനങ്ങളും, 30 പൊതു ഉടമസ്ഥതയിലുള്ള വസ്തുക്കൾ എന്നിവയും പദ്ധതി ബാധിതമാണ്. അതായത് സ്വകാര്യ ഉടമസ്ഥതയിലുള്ള സ്വത്തുക്കളും, വ്യാപാര സ്ഥാപനങ്ങളും പുനസ്ഥാപിക്കുകയോ, പുനരധിവസിക്കുകയോ ചെയ്യുക എന്നുള്ളതാണ് പ്രത്യാഘാത ലഘൂകരണ മാർഗ്ഗം. പദ്ധതിയുടെ പൊതുവായ പ്രത്യാഘാതം കണക്കാക്കുമ്പോൾ വിശാലമായ പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കേണ്ടതും, നടപ്പാക്കൽ



KERALA VHS * MULLANKUZHI KOTTAYAM-2 COLLECTORATE P.O. *

കൃത്യമായ മേൽ നോട്ടത്തിൽ പൂർത്തീകരിക്കേണ്ടതുമാണ്. സംസ്ഥാന തലസ്ഥാനത്തെ ജില്ല യുടെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും ബന്ധിപ്പിക്കുന്ന റോഡ് എന്നുള്ള നിലയിൽ റോഡിന്റെ രണ്ട് വശങ്ങളും, താമസഭവനങ്ങളും, വ്യാപാര സ്ഥാപനങ്ങളും കൊണ്ട് നിബിഡമാണ്. ഉദ്ദേശം ഒരു മണിക്കൂർ യാത്രകൊണ്ട് തിരുവനന്തപുരം പട്ടണത്തിൽ എത്താം എന്നുള്ളതുകൊണ്ട് പട്ടണത്തിന്റെ തിരക്കിൽ നിന്നും ഒഴിഞ്ഞ താമസസ്ഥലമായി കരമന - വെള്ളറട റോഡിന്റെ സമീപ പ്രദേശങ്ങൾ മാറ്റപ്പെട്ടു. കൂടാതെ തമിഴ്നാട്ടിലെ ചെങ്കോട്ട, തിരുനൽവേലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്താൻ പറ്റുന്ന ദേശീയ പാതയ്ക്ക് സമാന്തരമായ പാത എന്ന നിലയിലും, കരമന വെള്ളറട റോഡ് പ്രാധാന്യം അർഹിക്കുന്നു. ദക്ഷിണ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ബൊട്ടാണിക്കൽ ഗാർഡൻ, എണ്ണപ്പന ഗവേഷണ കേന്ദ്രം എന്നിവ സ്ഥിതി ചെയ്യുന്ന പാലോട് പ്രദേശത്തേക്കുള്ള റോഡ് എന്ന നിലയ്ക്കും കരമന - വെള്ളറട റോഡ് പ്രധാനപ്പെട്ടതാണ്. റോഡിന്റെ ഇരുവശങ്ങളിലുമുള്ള ഭൂമിയുടെ വ്യവസായിക വാണിജ്യ പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകമാണ്.

വലിയ തോതിലുള്ള താമസഭവനങ്ങളുടെ നഷ്ടം പുനരധിവാസ -പുനർവാസ പ്രക്രിയയുടെ പ്രാധാന്യം സൂചിപ്പിക്കുന്നു. എന്നാൽ സാമൂഹ്യ - സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഭവനങ്ങൾ മാത്രമാണ് പൂർണ്ണമായും കുടിയൊഴിക്കപ്പെടുന്നത്. ഈ കുടുംബങ്ങളുടെ പുനരധിവാസം പദ്ധതി നിർവ്വഹണത്തിന് മുമ്പേ ഉറപ്പു വരുത്തുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

അനേകം വ്യാപാര- വ്യവസായ സ്ഥാപനങ്ങൾ പൂർണ്ണമായോ ഭാഗികമായോ പദ്ധതി ബാധിക്കപ്പെടുന്നുണ്ട്. വ്യാപാരി വ്യവസായി ഏകോപന സമിതി, വ്യാപാരി വ്യവസായി അസോസിയേഷൻ, കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ ഇവരുടെ ഇടയിൽ പ്രവർത്തിക്കുന്നുണ്ട്. പദ്ധതി ബാധിക്കുന്ന വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ പുനരധിവാസം സംബന്ധമായി, മേൽപ്പറഞ്ഞ സംഘടനകളുമായി സംവാദങ്ങളും ചർച്ചകളും നടത്തുന്നത് പുനരധിവാസ പ്രക്രിയ സുഗമമാക്കാനും കൂട്ടായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകരമാണ്.

കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം സംഭവിക്കുന്ന 17 ഭൂ ഉടമസ്ഥർക്ക് സംസ്ഥാന പാതയുടെ ഓരത്ത് പാലിക്കേണ്ട കെട്ടിട നിർമ്മാണ ചട്ടം പാലിച്ച് കെട്ടിടം പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ശേഷിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്, എന്നാൽ ഈ ഭൂമിയെ തുണ്ടുഭൂമി ഗണത്തിൽപ്പെടുത്തി ഏറ്റെടുക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകളുമുണ്ട്. അതുകൊണ്ട്തന്നെ മേൽപ്പറഞ്ഞ ഭൂഉടമസ്ഥരെ പ്രത്യേക ഗണത്തിൽ ഉൾപ്പെടുത്തി പുനരധിവാസ രൂപരേഖ തയ്യാറാക്കുകയും, പഞ്ചായത്ത്, പൊതുമരാമത്ത് നിയമങ്ങളിൽ ഇളവ് നൽകി കെട്ടിടം നിലനിർത്തുന്നതിനോ, പുനർ നിർമ്മിക്കുന്നതിനോ അനുവാദം നൽകുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

ഏകദേശം 306 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും, ഈ വ്യാപാര - വ്യവസായ സ്ഥാപനങ്ങളിലെ 568 ജീവനക്കാർക്കും വ്യാപാര തൊഴിൽ നഷ്ടം ഉണ്ടാവാൻ സാധ്യത ഉണ്ട്. പുനരധിവാസ രൂപരേഖ രൂപപ്പെടുത്തി നഷ്ട പരിഹാര നിർണ്ണയത്തിലൂടെ പ്രത്യാഘാത ലഘൂകരണം സാധ്യമാവുന്നതാണ്.



KERALA VHS
MULLANKUZHI
KOTTAYAM 2
COLLECTORATE P.O.

വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ പൂർണ്ണമായും ബാധിക്കപ്പെടുകയും, പുനസ്ഥാപന സാധ്യത ഇല്ലാതാവുകയും ചെയ്യുന്ന സാഹചര്യം ഉള്ള പദ്ധതി ബാധിതരെ കണ്ടെത്താൻ പഠനത്തിന്റെ സാഹചര്യത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.

പദ്ധതി ബാധിക്കുന്ന സാംസ്കാരിക വസ്തുക്കൾ ഉടമസ്ഥാവകാശമുള്ള സംഘടനകളുമായി ചർച്ച ചെയ്ത് പുനസ്ഥാപനം നടത്തേണ്ടതോ, നഷ്ടപരിഹാരം നിർണ്ണയിക്കേണ്ടതോ ആണ്. ഇപ്രകാരം ഉള്ള ചർച്ചകളിൽ തദ്ദേശ സ്വയംഭരണ നേതൃത്വത്തേയും ഉൾപ്പെടുത്തുന്നത് നഷ്ടപരിഹാര നിർണ്ണയം, പുനർവാസം എന്നിവ വേഗത്തിലാക്കാൻ സഹായകരമാണ്.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ പരാതി പരിഹാര കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്നത് പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്താൻ സഹായകരമാണ്. പദ്ധതി മൂലം പല ഭൂഉടമസ്ഥരുടെയും വ്യാപാര- വ്യവസായ സ്ഥാപനങ്ങളുടെയും, താമസ ഭവനങ്ങളുടെയും, പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടുകയോ ഇല്ലാതാവുകയോ ചെയ്യുന്നുണ്ട്. ഈ പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനത്തിന് പ്രത്യേക രൂപരേഖ തയ്യാർ ചെയ്യേണ്ടതാണ്. ഇപ്രകാരം രൂപരേഖ തയ്യാറാക്കുന്നത് വ്യാപാര നഷ്ടം കുറയ്ക്കുന്നതിനും, പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സഹായകരമാണ്.

പദ്ധതിയുടെ പുരോഗതി സംബന്ധമായ വിവരങ്ങൾ യഥാസമയം, പൊതുജനങ്ങളെ അറിയിക്കുന്നതും അവരുടെ പിന്തുണ ഉറപ്പുവരുത്തുന്നതും, പദ്ധതി നിർവഹണ സമയത്ത് പ്രദേശവാസികളിൽ നിന്നും, ജനങ്ങളിൽ നിന്നും വർദ്ധിത സഹായം ലഭ്യമാവുന്നതിനും, പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാണ്.

അതുകൊണ്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

For

**സാജു. വി.ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**
**കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്**

**<u>അനുബന്ധരേഖകൾ</u>**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**



KERALA VHS * MULLANKUZHI KOTTAYAM-2 COLLECTORATE P.O. *